LIBRARY ARCHIVES Kerala Legislative Assembly

യെസ് പദ്ധതി

148(2137) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) YES (Young Entrepreneurs Summit) പദ്ധതി പ്രകാരം വ്യവസായ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദവിവരം നൽകാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിൽ എത്ര കോടികയുടെ നിക്ഷേപം വന്നിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻടപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ 2014 സെപ്റ്റംബർ 12-ാം തീയതി യുവസംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവസംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, അല്ലാതെയും ഏകദേശം 4000-ത്തോളം യുവതി യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) യങ്ങ് എൻടപ്രണർ സമ്മിറ്റ് ഒരു നിക്ഷേപ സമാഹരണ പദ്ധതി യായിരുന്നില്ല. 'യെസ്'-നെ തുടർന്ന് സംസ്ഥാനത്തുടനീളമുള്ള യുവ സംരംഭകർ നൂതന ആശയങ്ങളുമായി കെ.എസ്.ഐ.ഡി.സി.യെ സമീപിക്കുന്നുണ്ട്.

കേരള സംസ്ഥാന സംരംഭക മിഷൻ

149(2138) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് ;

(ബി) കേരള സംസ്ഥാന സംരംഭക മിഷന്റെ ആഭിമുഖ്യത്തിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടി ; എത്ര തുക ഇതുവരെ ചെലവഴിച്ചു ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?